ॐ



മൃഗതൃഷ്ണാം യഥാ ബാലാ മന്യന്ത ഉദകാശയം
ഏവം വൈകാരികീം മായാമയുക്താ വസ്തു ചക്ഷതേ (10-73-11)
വയം പുരാ ശ്രീമദനഷ്ട ദൃഷ്ടയോ
ജിഗീഷയാസ്യാ ഇതരേതരസ്പൃധ:
ഘ്നന്ത: പ്രജാ: സ്വാ അതിനിർഘൃണാ: പ്രഭോ
മൃത്യും പുരസ്ത്വാവിഗണയ്യ ദുർമ്മദാ: (10-73-12)

*ശുകമുനി തുടർന്നു:*
ഇരുപതിനായിരത്തിഎണ്ണൂറ് രാജകുമാരൻമാർ ജരാസന്ധൻെറ കാരാഗൃഹത്തിലായിരുന്നു. അവർ കുളിക്കാതെയും മുഷിഞ്ഞവസ്ത്രങ്ങളണിഞ്ഞും ശോഭയില്ലാത്ത മുഖത്തോടെയും അവിടെ കഴിഞ്ഞുവന്നു. ആശയറ്റു കഴിഞ്ഞിരുന്ന അവർക്ക് ഭഗവാൻെറ ദിവ്യമുഖദർശനം ലഭിച്ചതോടെ പുതുജീവൻ ലഭിച്ചു.

രാജകുമാരൻമാർ പറഞ്ഞു.
ഭഗവാനേ രക്ഷിച്ചാലും. ഞങ്ങൾ അവിടുത്തെ അഭയം പ്രാപിക്കുന്നു. ഞങ്ങൾക്ക് ജരാസന്ധനോട് വിരോധമൊന്നുമില്ല. കാരണം അവിടുത്തെ കാരുണ്യം കൊണ്ടുതന്നെയാണ് ഞങ്ങളെ ജരാസന്ധൻ തടവിലാക്കിയതെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ഇഹലോകം നിത്യസത്യമാണെന്നുള്ള മൂഢവിശ്വാസ ത്തിലായിരുന്നു ഞങ്ങൾ. മരുപ്പച്ചയെ ജലമെന്നു വിചാരിക്കുന്ന കുട്ടികളെപ്പോലെ, കേവലം സദാ മാറിക്കൊണ്ടിരിക്കുന്ന ലൗകീകലോകപ്രതിഭാസത്തെ, അങ്ങയിൽ ഏകാത്മകത പ്രാപിക്കാത്തവർ നിത്യമെന്ന് കരുതുന്നു. മുൻപ് സമ്പത്തിൻെറ പേരിലുള്ള അഹങ്കാരം കൊണ്ട് ഞങ്ങൾ പരസ്പരം പോരാടുകയും ചെയ്തു. അങ്ങിനെ ഞങ്ങൾ സ്വജനങ്ങൾക്ക് തന്നെ നാശം വരുത്തി. മരണത്തിൻെറ രൂപത്തിൽ അങ്ങു മുന്നിൽ നിൽക്കുന്നത് കാണാനും ഞങ്ങൾ കൂട്ടാക്കിയില്ല. അവിടുത്തെ കൃപയാലൊന്നു മാത്രമാണ് അങ്ങ് ജരാസന്ധൻെറ രൂപത്തിൽ വന്ന് ഞങ്ങളെ ഉണർത്തി സത്യത്തിലേക്ക് നയിച്ചത്. ഞങ്ങൾക്ക് ആ പരംപൊരുളിൻെറ ദൃശ്യം ഒരു നോക്ക് ലഭിച്ചുവല്ലോ. ഇനി ഞങ്ങൾ സമ്പത്തിനും പ്രതാപത്തിനും വേണ്ടി ആഗ്രഹിക്കയില്ല. ഞങ്ങൾക്ക് അവിടുത്തെ പാദകമലങ്ങളിലെന്നും ഭക്തിയുണ്ടാവട്ടെ. ഞങ്ങൾ അവിടുത്തെ നമസ്ക്കരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ട കടമകളെന്തെന്ന് ആജ്ഞാപിച്ചാലും.

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*
രാജകുമാരൻമാരേ, നിങ്ങളുടെ വാക്കുകൾ ഉചിതമായിരിക്കുന്നു. സമ്പത്തും പ്രതാപവും മൂലം ദേവൻമാരുടെയും മനുഷ്യരുടെയും അസുരൻമാരുടെയും തലതിരിഞ്ഞ പ്രവൃത്തികൾ ഞാൻ കണ്ടിട്ടുണ്ട്. നശ്വരമായ ശരീരത്തിലും അതിനോടനുബന്ധിച്ച വസ്തുക്കളിലും ആസക്തരാവാതെ എന്നെ ആരാധിക്കുക. ഗൃഹസ്ഥരുടെ കർമ്മങ്ങൾ സന്താനോൽപ്പാദനം തുടങ്ങിയ കാര്യങ്ങൾ അനുഷ്ടിക്കുക. പ്രജാപരിപാലനം നടത്തുക. സുഖദു:ഖങ്ങളോ ലാഭനഷ്ടങ്ങളോ എന്തു തന്നെയായിരുന്നാലും അവയെ ഒരുപോലെ സ്വീകരിക്കുക. എന്നിൽ ഹൃദയമുറപ്പിച്ച് അവയോട് പ്രതികരിക്കാതെയുമിരിക്കുക. അങ്ങിനെ എന്നോടുള്ള പവിത്രപ്രേമത്തിൽ നിങ്ങൾ നിഷ്ടരായിത്തീരുന്നതാണ്.

ശുകമുനി തുടർന്നു:
ഭഗവാൻ അവർക്ക് സ്നാനത്തിനും പുതുവസ്ത്രങ്ങൾക്കും വേണ്ട ഏർപ്പാടുകൾ ചെയ്തു. രത്നങ്ങളും അവരവരുടെ യോഗ്യതാനുസരണം നൽകി. രാജാക്കൻമാർ ഭഗവാൻെറ നിർദ്ദേശങ്ങളനുസരിച്ച് ശേഷകാലം ധർമ്മജീവിതം നയിച്ചു. കൃഷ്ണൻ ഭീമനോടും അരജ്ജുനനോടുമൊപ്പം ഇന്ദ്രപ്രസ്ഥത്തിലേക്കു തിരിച്ചു പോയി. അവിടെ ആഹ്ലാദസ്നേഹനിർഭരമായൊരു വരവേൽപ്പ് അവരെ കാത്തു നിന്നിരുന്നു.